- വിവിധ മേഖലയിലുള്ള വനിതാ സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു വെബ്സൈറ്റ് രൂപകൽപ്പന ചെയ്യുക.
- വനിതാ സംരംഭകർക്കായി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.
- ഓരോ മേഖലയിലും ഉള്ള വനിതാ സംരംഭകർക്കായി പ്രത്യേക ക്ലാസ്സുകൾ ജില്ലാതലങ്ങളിൽ നടത്തുക.
- വനിതാ സംരംഭകരുടെ വ്യവസായങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള കെ.എസ്.ഐ.ഡി.സി. രൂപീകരിച്ച പ്രത്യേക ധനസഹായ പാക്കേജ് (ലോൺ അസിസ്റ്റൻസ്) നൽകുക.
- കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ മാനേജ്മെന്റ് കോളേജുമായി ചേർന്ന് വനിതാ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കുടുംബശ്രീ, ഡി.ഐ.സി. ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശ ക്ലാസ്സുകളും നടത്തുക.
- വനിതാ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ആഗോളതലത്തിൽ ബ്രാൻഡിംഗ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

കെൽ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി

149(2350) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കെൽ-ന്റെ ഓരോ യൂണിറ്റിലും ഹെഡ് ഓഫീസിലും എത്ര ജീവനക്കാരുണ്ടെന്ന് അവരുടെ തസ്തിക തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഓരോ യൂണിറ്റ്, ഹെഡ് ഓഫീസ് എന്നിവിടങ്ങളിൽനിന്നും എത്ര ജീവനക്കാർ റിട്ടയർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരിൽ എത്ര പേർക്ക് ഗ്രാറ്റുവിറ്റി നൽകാനുണ്ടെന്ന് യൂണിറ്റും ഹെഡ് ഓഫീസും തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ഡി) ഗ്രാറ്റുവിറ്റി ലഭിക്കാത്തവർക്ക് ആയത് ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ കെല്ലിൽ നിലവിൽ ഹെഡ് ഓഫീസിലും എല്ലാ യൂണിറ്റുകളിലുംകൂടി ആകെ 550 സ്ഥിരം ജീവനക്കാരുണ്ട്. അവരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

മാനേജിംഗ് ഡയറക്ടർ	:	1
ജനറൽ മാനേജർ	:	4
ഡെപ്യൂട്ടി ജനറൽ മാനേജർ	:	4
സീനിയർ മാനേജർ	:	8
മാനേജർ	:	41
അസിസ്റ്റന്റ് മാനേജർ	:	18
എഞ്ചിനീയർ	:	7
എക്സിക്യൂട്ടീവ്	:	9
അസിസ്റ്റന്റ് എക്സിക്യൂട്ടീവ്	:	8
ജൂനിയർ ഓഫീസർമാർ	:	10
ഫോർമാൻ ഗ്രേഡ് I	:	6
സ്റ്റാഫ്	:	94
വർക്കേഴ്സ്	:	340

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കെല്ലിൽനിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2011 ജൂൺ മുതൽ 2015 ഒക്ടോബർ വരെ

ക്രമ നമ്പർ	തസ്തിക	2011	2012	2013	2014	2015
1	ജനറൽ മാനേജർ	-	2	2	1	1
2	ഡെപ്യൂട്ടി ജനറൽ മാനേജർ	-	-	1	1	-
3	മാനേജർ	2	2	2	-	-
4	എഞ്ചിനീയർ	-	1	3	-	-
5	അസിസ്റ്റന്റ് എക്സിക്യൂട്ടീവ്	3	-	-	1	-
6	ജൂനിയർ ഓഫീസർ	2	-	-	2	-
7	സ്റ്റാഫ്	1	4	2	4	1
8	വർക്കേഴ്സ്	16	35	30	25	14
	ആകെ	24	44	40	34	16

LIBRARY ARCHIVES, Kerala Legislative Assembly

(സി) കെൽ-ന്റെ മാമല യൂണിറ്റിൽ നിലവിൽ ആർക്കുംതന്നെ ഗ്രാറ്റുവിറ്റി നൽകുവാനില്ല. എന്നാൽ കമ്പനിയുടെ കണ്ടറ യൂണിറ്റിൽ 2015 നവംബറിൽ റിട്ടയർ ചെയ്ത ഏഴുപേരടക്കം 35 പേർക്കും ഹെഡ് ഓഫീസിലെയും ഒലവക്കോട് യൂണിറ്റിലേയും ഓരോരുത്തർക്ക് വീതവും നിലവിൽ ഗ്രാറ്റുവിറ്റി നൽകുവാനുണ്ട്.

(ഡി) കമ്പനിയുടെ മോശമായ സാമ്പത്തികസ്ഥിതി കാരണം ജീവനക്കാരുടെ ഗ്രാറ്റുവിറ്റി യഥാസമയം നൽകുവാൻ സാധിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗ്രാറ്റുവിറ്റി റിട്ടയർമെന്റ് തീയതി അനുസരിച്ച് മുൻഗണനാക്രമത്തിൽ നൽകി കൊണ്ടിരിക്കുകയാണ്.

പുതിയ/നിലച്ചുപോയ വ്യവസായ സ്ഥാപനങ്ങൾ

150(2351) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചുപോയതോ ആയ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവ ഓരോന്നും അടച്ചുപൂട്ടിയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പുതിയതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* വ്യവസായ വാണിജ്യ വകുപ്പ് കെ.എസ്.ഐ.ഡി.സി., സിഡ്കോ എന്നിവയുടെ കീഴിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly